DEPARTMENT OF AGRICULTURE
FARM INFORMATION BUREAU
FARM NEWS

17-03-2020

# കാർഷികമേഖലാവാർത്തകൾ

## അറിയിപ്പ്

കേരള കാർഷിക സർവ്വകലാശാലയുടെ കീഴിലുള്ള മണ്ണുത്തി കമ്മ്യൂണിക്കേഷൻ സെന്ററിന്റെ ആഭിമുഖ്യത്തിൽ കർഷകർക്കായി ഈ മാസം 18, 19, 20 തിയ്യതികളിൽ ബഡ്ഡിംഗ്, ലെയറിംഗ്, ഗ്രാഫ്റ്റിങ്ങ്, എന്ന വിഷയത്തിൽ ത്രിദിന പരിശീലന പരിപാടി നടത്തുന്നു. രജിസ്ട്രേഷൻ ഫീസ് : 1,575/- രൂപ. മുൻകൂട്ടി രജിസ്റ്റർ ചെയ്യുന്നവർക്ക് മാത്രമേ പരിശീലന പരിപാടിയിൽ പങ്കെടുക്കുവാൻ അവസരമുണ്ടായിരിക്കുകയുള്ളു. പങ്കെടുക്കാൻ താൽപര്യമുള്ളവർ 0487 – 2370773 എന്ന ഫോൺ നമ്പറിൽ ബന്ധപ്പെടുക.

## അറിയിപ്പ്

കുടപ്പനക്കുന്ന് പ്രാദേശിക കോഴിവളർത്തൽ കേന്ദ്രത്തിൽ ഗ്രാമശ്രീ ഇനത്തിൽപ്പെട്ട കോഴിക്കുഞ്ഞുങ്ങൾ വിൽപ്പനയ്ക്ക് ലഭ്യമാണ്. പിടക്കോഴിക്കുഞ്ഞുങ്ങൾക്ക് 22 രൂപയും പൂവൻ കോഴിക്കുഞ്ഞുങ്ങൾക്ക് 10 രൂപയുമാണ് നിരക്ക്. കൂടാതെ ഗുണനിലവാരമുള്ള ഭക്ഷ്യയോഗ്യമായ മുട്ടകളും വിൽപനയ്ക്ക് ലഭ്യമാണ്. കൂടുതൽ വിവരങ്ങൾക്ക് ബന്ധപ്പെടേണ്ട ഫോൺ നമ്പർ 0471-2730804, 9446105778.

## പരിശീലനം

ചെങ്ങന്നൂർ സെൻട്രൽ ഹാച്ചറിയോടനുബന്ധിച്ച് പ്രവർത്തിക്കുന്ന പൗൾട്രി ട്രെയിനിംഗ് ഇൻസ്റ്റിറ്റ്യൂട്ടിൽ 2020 ഏപ്രിൽ മാസം 23 -ാം തീയതി കാടവളർത്തലിലും 27,28 തീയതികളിൽ മുട്ടക്കോഴിവളർത്തലിലുംപരിശീലനം നൽകുന്നു. താൽപര്യമുള്ളവർ 0479-2457778, 9188522703 എന്നീ ഫോൺ നമ്പരുകളിൽ വിളിച്ച് പേര് രജിസ്റ്റർ ചെയ്യേണ്ടതാണ്.

## അറിയിപ്പ്

ചെടികളിൽ കാണുന്ന വെളുത്ത പഞ്ഞിപോലുള്ള മീലിമൂട്ടയേയും പരന്ന ആകൃതിയിലുള്ള ശൽക്കകീടങ്ങളേയും നിയന്ത്രിക്കാനായി 5 ഗ്രാം ബാർസോപ്പ് ചെറുതായി അരിഞ്ഞ് ചൂടു വെള്ളത്തിൽ ലയിപ്പിച്ച് ചെടികളിൽ തളിച്ചു കൊടുത്തതിന് ശേഷം ഒരു മണിക്കൂർ കഴിഞ്ഞ് വെർട്ടിസീലിയം ലക്കാനി എന്ന കുമിൾ 20 ഗ്രാം ഒരു ലിറ്റർ വെള്ളത്തിൽ കലക്കി തളിക്കണം. മീലിമൂട്ടയുടെ വംശവർദ്ധനവ് വളരെ കൂടുതലായതിനാൽ 2-3 ദിവസത്തിലൊരിക്കൽ ഈ കുമിൾലായനി തളിച്ചു കൊടുക്കണം. ഇവ വൈകുന്നേരങ്ങളിൽ തളിക്കുന്നതാണ് ഉത്തമം. ഇവയെ ലഭിക്കുന്നതിന് വെള്ളാനിക്കര ഹോർട്ടിക്കൾച്ചർ കോളേജിലെ ബയോകൺട്രോൾ യൂണിറ്റുമായോ/മണ്ണുത്തി കമ്മ്യൂണിക്കേഷൻ സെന്ററുമായോ ബന്ധപ്പെടുക. കൂടുതൽ വിവരങ്ങൾക്ക് 04872438303 / 0487 2370773 എന്നീ ഫോൺ നമ്പരുകളിൽ ബന്ധപ്പെടുക.